## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 23 — 26.09.2011-ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് നിയമനത്തിന് നിലവിലുണ്ടായിരുന്ന ക്വാളിഫിക്കേഷനിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്നു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ ;

<u>(എ) യും (ബി) യും (സി) യും</u>

സർക്കാർ സർവ്വീസിലെ വിവിധ തസ്തികകളുടെ യോഗ്യതകൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് 18.10.2008 ലെ പി.എസ്.സി യുടെ ശുപാർശ പരിഗണിച്ചാണ് ലാസ്റ്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെ സെക്രട്ടേറിയറ്റ്, പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികയുടെ നിലവിലുണ്ടായിരുന്ന യോഗ്യതയിൽ മാറ്റം വരുത്തി കൊണ്ട് 01. 07. 2011 - ൽ ജി. ഒ. (എം. എസ്) നം. 21/2011/ പി. ആന്റ്. എ. ആർ. ഡി പ്രകാരം ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രമുഖ കോച്ചിംഗ് സെന്ററുകൾ പി.എസ്.സി നിയമനം തേടുന്ന ഉദ്യോഗാർത്ഥികളെ ചൂഷണം ചെയ്യുന്നതിനു വേണ്ടി അവരുടെ സ്വാധീനം പി.എസ്.സി യിലും സർക്കാരിലും ചെലുത്തുന്നുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് അന്വേഷിക്കുമോ; | | <u>(ഡി) യും (ഇ)യും</u> |
| (ഇ) | മുൻ സർക്കാരിന്റെ കാലത്തു നടന്ന പി. എസ്. സി പരീക്ഷാത്തട്ടിപ്പിലും ഇത്തരം ചില കോച്ചിംഗ് സെന്ററുകളുടെ ഇടപെടലുണ്ടെന്ന ആരോപണത്തെക്കുറിച്ചു കൂടി അന്വേഷിക്കുമോ ; | | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ് | ക്വാളിഫിക്കേഷനിൽ മാറ്റം വരുത്തുന്നതിന് മുൻപ്, അങ്ങനെ ചെയ്യുന്നത് ഉദ്യോഗാർത്ഥികളിൽ ഏതെങ്കിലും വിഭാഗത്തിന്, പ്രത്യേകിച്ചും പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവർക്ക്, അവസരം നഷ്ടപ്പെടുത്താൻ ഇടയാക്കുമോ എന്ന കാര്യം കൂടി പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | അവസരം നഷ്ടപ്പെടുത്താൻ ഇടയാകുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ